മലയാളഭാഷയും കേരള സംസ്ക്കാരവും പരിചിതമാക്കാൻ സംവിധാനം

70 (130) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയരുടെ മക്കൾക്ക് മലയാളഭാഷയും കേരള സംസ്കാരവും പരിചിതമാക്കുന്നതിന് "എന്റെ സർക്കാർ മലയാളം മിഷൻ" എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ആസ്ഥാനം എവിടെ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മറുനാടൻ മലയാളികളുടെ മക്കൾക്ക് മലയാളഭാഷയും കേരള സംസ്ക്കാരവും പരിചയിപ്പിക്കുന്നതിനായി, കേരള സർക്കാർ 'മലയാളം മിഷൻ' എന്നൊരു സ്വയം ഭരണ സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്.

(ബി) മലയാളംമിഷന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. മലയാളം മിഷന്റെ ഔപചാരിക ഉദ്ഘാടനം 22-10-2009-ൽ ഡൽഹിയിൽ നടന്നു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഒരു ഭരണ സമിതിയാണ് മലയാളംമിഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയാണ് മലയാളംമിഷൻ ഡയറക്ടറുടെ താൽക്കാലിക ചുമതല വഹിക്കുന്നത്. മലയാളംമിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠന കേന്ദ്രങ്ങളിൽ മൂന്ന് തലത്തിലുള്ള കോഴ്സുകളാണുള്ളത്. (സർട്ടിഫിക്കറ്റ് കോഴ്സ്, ഡിപ്ലോമ കോഴ്സ്, ഹയർ ഡിപ്ലോമ കോഴ്സ്)

ഇപ്പോൾ ഡൽഹിയിൽ മാത്രമാണ് മലയാളംമിഷന്റെ കീഴിൽ മലയാള ഭാഷാപഠനകേന്ദ്രങ്ങൾ നിലവിലുള്ളത്. എന്നാൽ ചെന്നൈ, മുംബൈ എന്നിവിടങ്ങളിൽ മലയാളംമിഷന്റെ കീഴിൽ മലയാളഭാഷാ പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി നടന്നു വരികയാണ്. മലയാളഭാഷാപഠന കേന്ദ്രങ്ങളിലേക്കുള്ള പാഠപുസ്തകങ്ങളുടെയും പാഠ്യപദ്ധതിയുടെയും പരിഷ്ക്കരണത്തിനായുള്ള ശില്പശാലകൾ നടന്നുവരികയാണ്.

പ്രവാസിക്ഷേമ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ

71 (131) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി ക്ഷേമകാര്യ വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) ഈ പദ്ധതികൾക്കായി 2005-10 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുക വർഷം തിരിച്ച് വെളിപ്പെടുത്താമോ ;

(സി) പ്രവാസിക്ഷേമ പ്രവർത്തനത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പ്രവാസി ക്ഷേമ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

1. വിദേശത്തുവച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തെ സഹായിക്കുക, നാട്ടിൽ തിരിച്ചെത്തി രോഗപീഡകളാലും സാമ്പത്തിക ബാധ്യതകളാലും കഷ്ടപ്പെടുന്ന പ്രവാസികളെ സഹായിക്കുക എന്നിവയ്ക്കായി സാന്ത്വന ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

2. വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനായി കാരുണ്യം ധനസഹായപദ്ധതി നടപ്പിലാക്കിവരുന്നു.

3. വിദേശത്ത് ജോലി തേടിപ്പോകുന്നവരുടെ തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിലേക്കായി പരിശീലനം സംഘടിപ്പിച്ചുപോരുന്നു.

4. നിയമാനുസരണമല്ലാത്ത റിക്രൂട്ട്മെന്റുകൾക്കെതിരെയും വിസാ തട്ടിപ്പിനെതിരെയും ബോധവൽക്കരണ നടപടികൾ സംഘടിപ്പിക്കുന്നു.

5. തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി അവരുടെ സാമൂഹിക, സാമ്പത്തിക പരിതസ്ഥിതികളെ സംബന്ധിച്ച പഠനം നടത്തിവരുന്നു.

6. പ്രവാസികളുടെ സമഗ്രക്ഷേമം മുൻനിർത്തി 2008-ലെ കേരള പ്രവാസി ക്ഷേമ ആക്ടിന് രൂപം കൊടുത്തു. ഇതിൻപ്രകാരം കേരള പ്രവാസി ക്ഷേമനിധിക്ക് രൂപം കൊടുക്കുകയും അതിലൂടെ പ്രവാസികൾക്കായി നാനാ വിധത്തിലുള്ള ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

7. തിരുവനന്തപുരത്ത് ഒരു നോർക്ക വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8. അടിയന്തിര സാഹചര്യങ്ങളിൽ വിദേശത്തുനിന്നും മലയാളികളെ നാട്ടിലെത്തിക്കേണ്ട അവസരങ്ങളിൽ അതിലേക്കായി ഒരു നിധിക്ക് രൂപം കൊടുത്ത് പ്രവർത്തിച്ചുവരുന്നു.

9. നോർക്ക, നോർക്ക-റൂട്ട്സ്, പ്രവാസി ക്ഷേമ കാര്യ ബോർഡ് എന്നീ സ്ഥാപനങ്ങൾ ഒരേ കുടക്കീഴിൽ പ്രവർത്തിപ്പിക്കുന്നതിലേക്കായി തിരുവനന്തപുരത്ത് ഒരു ബഹുനില മന്ദിരം പണി പൂർത്തിയായിവരുന്നു.

10. നോർക്ക-റൂട്ട്സ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. ഇതിലൂടെ വിദേശത്ത് തൊഴിൽതേടിപ്പോകുന്ന പ്രവാസികൾക്ക് അവരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, എംബസ്സി അറ്റസ്റ്റേഷൻ എന്നിവ നടത്തിച്ചു കൊടുക്കുന്നു. നോർക്ക-റൂട്ട്സ് ഒരു അംഗീകൃത വിദേശതൊഴിൽ റിക്രൂട്ടിംഗ് ഏജൻസിയായി പ്രവർത്തിച്ചുവരുന്നു.

11. ഇന്ത്യയിലുള്ള വിവിധ നയതന്ത്രസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനായി നോർക്ക സെൽ ന്യൂഡൽഹിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി)

2005-06	-	52,21,067 രൂപ
2006-07	-	1,56,23,296 രൂപ
2007-08	-	1,14,24,484 രൂപ
2008-09	-	5,89,68,721 രൂപ
2009-10	-	4,02,23,386 രൂപ

(സി) വിജയകരമായി നടത്തിവരുന്നു.

നോർക്ക റൂട്ട്സിന്റെ സാന്ത്വനം പദ്ധതി

72 (133) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർക്ക റൂട്ട്സിന്റെ സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചു എന്നും എത്ര തുക ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക വകുപ്പിന്റെ സാന്ത്വന പദ്ധതി വഴി 1,11,53,000 (ഒരു കോടി പതിനൊന്നു ലക്ഷത്തി അൻപത്തിമൂവായിരം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നിന്നുള്ള 285 അപേക്ഷകർക്ക് നാളിതുവരെ 22,54,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന്റെ പ്രയാസങ്ങൾ

73 (134) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾ ജോലിസ്ഥലങ്ങളിൽ മരണമടഞ്ഞാൽ അവരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ബന്ധുക്കൾ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഇപ്പോൾ സർക്കാർ നൽകിവരുന്നതും ഇനി നൽകാൻ ഉദ്ദേശിക്കുന്നതുമായ സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly